**Mangalam**
Friday October 17, 2008

## പാത്രിയർക്കീസ് ബാവ ഇന്നെത്തും

കൊച്ചി: ആകമാന സുറിയാനി സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവ പത്തുദിവസത്തെ മലങ്കര സന്ദർശനത്തിനായി ഇന്നെത്തും. രാവിലെ 8.50 ന നെടുമ്പാശേരി വിമാനത്താവളത്തിലെത്തുന്ന ബാവായെ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ, മന്ത്രി എസ്. ശർമ, എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. ജോസഫ് മോർ ഗ്രിഗോറിയോസ്, സഭയിലെ മറ്റു മെത്രാപ്പോലീത്താമാർ, കമാൻഡർ എം.എ. യൂസഫലി തുടങ്ങിയവർ ചേർന്നു സ്വീകരിക്കും.

പാത്രിയർക്കാ വികാരി മാത്യൂസ് മോർ പീലക്സിനോസ്, കാലിഫോർണിയ ആർച് ബിഷപ്പ് ഔഗേൻ മോർ ക്ലീമീസ്, ബെയ്റൂട്ട് ആർച് ബിഷപ്പ് ദാനിയേൽ മോർ ക്ലീമീസ് തുടങ്ങിയവരും റമ്പാന്മാരും സിസ്റ്റർമാരുമടങ്ങുന്ന 35 അംഗ സംഘമാണ് എത്തുന്നത്. 1982, 2000, 2004 വർഷങ്ങളിൽ ഇന്ത്യ സന്ദർശിച്ചിട്ടുള്ള ബാവായുടെ നാലാം ശ്ലൈഹിക സന്ദർശനമാണിത്. ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ 19 ന നടക്കുന്ന പൗരോഹിത്യ ജൂബിലി സമാപന സമ്മേളനമാണ് ബാവാ പങ്കെടുക്കുന്ന പ്രധാന പരിപാടി. ഇന്ന് അഞ്ചുമണിക്കു പുത്തൻകരിശ് പാത്രിയർക്കാ സെന്റർ മോർ അത്തനേഷ്യസ് കത്തീഡ്രലിന്റെ മൂറോൻ കൂദാശയാണു ബാവാ പങ്കെടുക്കുന്ന ആദ്യപരിപാടി.

## വിളംബര ഘോഷയാത്രകൾക്ക് വരവേൽപ്പ് നൽകി

കൊച്ചി: പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ സന്ദർശനത്തിനുള്ള വിളംബര ഘോഷയാത്രകൾക്കു സഭാ ആസ്ഥാനമായ പുത്തൻ കരിശിൽ വരവേൽപ്പു നൽകി. കാതോലിക്ക ബാവയും, മെത്രാപോലീത്തമാരും സഭാ ഭാരവാഹികളും ഭക്തസംഘടനാ ഭാരവാഹികളും ചേർന്നു സ്വീകരിച്ചു.

പി.വി. ജോസ്, എം.എസ്. ബെന്നി, സിജോ മാത്യു എന്നിവരുടെ നേതൃത്വത്തിൽ മലബാറിലെ മീനങ്ങാടിയിൽ നിന്നും പുറപ്പെട്ട പതാക ഘോഷയാത്രയും, അജി തേപ്പാല, കെ.ജെ. വർക്കി എന്നിവരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തു നിന്നുള്ള ഛായാചിത്രഘോഷയാത്രയും, ബേബി വർഗീസ്, ടി.ടി. ജോയി എന്നിവരുടെ നേതൃത്വത്തിൽ കട്ടപ്പനയിൽ നിന്നുള്ള ഭദ്രദീപ ഘോഷയാത്രയുമാണ് പുത്തൻകരിശിൽ സംഗമിച്ചത്. തുടർന്ന് ഘോഷയാത്രകൾ സംയുക്തമായി മറൈൻഡ്രൈവ് മൈതാനിയിലേക്കു നീങ്ങി. കരിങ്ങാച്ചിറ കത്തീഡ്രലിൽ നിന്നും കൊടിമരവും ഘോഷയാത്രയിൽ പങ്കുചേർന്നു. ഏലിയാസ് മാർ അത്താനാസ്യോസ്(ചെയർമാൻ), സി.എം. കുരിയൻ, ജോൺ പുന്നമറ്റം എന്നിവർ നേതൃത്വം നൽകി.